# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 353** **02.12.2014 ൽ മറുപടിയ്ക്ക്**

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>" റ്റി.എൻ. പ്രതാപൻ<br>" ആർ. സെൽവരാജ്<br>" തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ: | (എ) ഉണ്ട്. പതിനായിരം കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടന്നുവരികയാണ്. ഇതുകൂടാതെ കേന്ദ്ര സബ്സിഡിയോടെ ഉയർന്ന കപ്പാസിറ്റിയുള്ള പ്ലാന്റുകളും സ്ഥാപിച്ച് വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 100 കിലോവാട്ട് സോളാർ പവർപ്ലാന്റ് വിവിധ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പവർപ്ലാന്റുകൾ വഴി ആകെ 10 മെഗാവാട്ട് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ്; വിശദമാക്കുമോ; | (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി അനെർട്ടാണ്. |
| (ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം: | (ഡി) പദ്ധതി നടത്തിപ്പിനായി അനെർട്ട് എം.എൻ.ആർ.ഇ യിൽ ചാനൽ പാർട്ട്ണേഴ്സായിട്ടുള്ളവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) എത്രമാത്രം വൈദ്യുതിയാണ് പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താവിന് ലാഭിക്കാവുന്നത്; വിശദമാക്കുമോ? | (ഇ) ഈ പദ്ധതിയിലൂടെ ഒരു ഉപഭോക്താവിന് 1 കിലോവാട്ട് സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനാവും. പ്രസ്തുത പ്ലാന്റിൽ നിന്നും സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രതിദിനം 3 – 3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും. അതിലൂടെ പ്രതിമാസം 80-100 യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## List of Empanelled Agencies as on 12/6/2014

| Sl No. | Name of Empanelled Agency |
|---|---|
| 1 | Millennium Synergy Pvt. Ltd |
| 2 | Power One Micro Systems Private Ltd. |
| 3 | Gensol Consultants Pvt. Ltd |
| 4 | Solar Integration Systems India Pvt. Ltd. |
| 5 | Sukam Power Systems Ltd |
| 6 | Tata Power Solar Systems Ltd. |
| 7 | Ammini Solar Pvt. Ltd. |
| 8 | Luminous Power Technologies Pvt. Ltd. |
| 9 | Eversun Energy Pvt. Ltd. |
| 10 | Chemtrols Solar Pvt. Ltd |
| 11 | Lanco Solar Energy Pvt. Ltd |
| 12 | Jain Irrigation Systems Ltd |
| 13 | Radiant Solar Private Ltd |
| 14 | Agni Power and electronics Pvt.Ltd |
| 15 | Alectrona Energy Pvt.Ltd |
| 16 | Autonic Energy Systems Pvt.Ltd |
| 17 | Moser Baer Solar Limited |
| 18 | Emmvee Photovoltaic Power Pvt.Ltd |
| 19 | BOSCH LIMITED |
| 20 | Shobitha Electronics (Manufacture)Pvt. Ltd |
| 21 | PAE Renewables Private Ltd |
| 22 | Sungrace Energy Solution Pvt.Ltd |